പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 14      12-10-2026-ൽ മറുപടിയ്ക്ക്

**<u>പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**      **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്      ശ്രീ. അനൂപ് ജേക്കബ്

ശ്രീ. കെ. ജയന്ത്      (ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

(എ) കഴിഞ്ഞ ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചു നിർത്താൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

<u>മറുപടി:</u> കഴിഞ്ഞ ഓണക്കാലത്ത് പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അവശ്യ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി വിവിധ നടപടികൾ സ്വീകരിച്ചിരുന്നു. വിലക്കയറ്റം തടയുന്നതിനായി പൊതു വിതരണ ഉപഭോക്തൃ കാര്യ വകുപ്പിലെ ജില്ലാ/താലൂക്ക് തല സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ പൊതുവിപണിയിൽ പരിശോധനകൾ നടത്തുകയും അരി, ധാന്യങ്ങൾ, ഉള്ളി, സവാള, കിഴങ്ങുവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയ അവശ്യ ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയവിടങ്ങളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, അമിതവില ഈടാക്കുന്നുണ്ടോ, കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുകയും ക്രമക്കേടുകൾ കണ്ടെത്തിയിടത്ത് നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനതലത്തിൽ 8927 പൊതുവിപണി പരിശോധനകൾ നടത്തുകയും 868 ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഉത്സവ സീസണുകളോടനുബന്ധിച്ച് ജില്ലാ സപ്ലൈ ഓഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷാ വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി പ്രത്യേക സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് പൊതുവിപണി പരിശോധനകളും നടത്തിയിരുന്നു. പൊതുജനങ്ങൾക്ക് കാണത്തക്കവിധം വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടില്ലാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നല്കിയതുൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു.

2026 ഓണത്തിന് മുന്നോടിയായി പൊതുവിപണിയിലെ അരിയുടെ വിലയിൽ ഗണ്യമായ വർദ്ധനവ് റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ അരിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിലേക്കായും വിലക്കയറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായും FCI-ൽ നിന്നും OMSS മുഖേന കിലോഗ്രാമിന് 23.20 രൂപ എന്ന നിരക്കിൽ ലഭ്യമായ അരി റേഷൻകടകളിലൂടെ വിതരണം ചെയ്തതിലൂടെ പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലെ ഓരോ കുടുംബത്തിനും 3 കിലോഗ്രാം വീതവും മുൻഗണനേതര വിഭാഗത്തിലെ ഓരോ കുടുംബത്തിനും 10 കിലോഗ്രാം വീതവും അരി പ്രത്യേകമായി വിതരണം ചെയ്തതിനു പുറമെ വിവിധ

റേഷൻ കാർഡ് വിഭാഗങ്ങൾക്ക് അരി, ഗോതമ്പ്, ആട്ട, പഞ്ചസാര എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. ഓണക്കാലത്ത് സംസ്ഥാനത്തെ മുഴുവൻ AAY കാർഡുകൾക്കും 15 ഇനം ഭക്ഷ്യ സാധനങ്ങൾ ഉൾപ്പടെ സൗജന്യകിറ്റും അനുവദിക്കുകയുണ്ടായി.

സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോ വിൽപ്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ, പൊതു വിപണിയേക്കാൾ ശരാശരി 25% മുതൽ 35 ശതമാനം വരെ വിലക്കുറവിൽ  ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾ 15 മുതൽ 35 ശതമാനം വരെ വിലക്കുറവിലും  മറ്റ് ഉൽപ്പന്നങ്ങൾ ,പൊതുവിപണിയേക്കാൾ ന്യായമായ നിരക്കിൽ,  5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും വിൽപ്പന നടത്തി വരുന്നു.

വിപണി ഇടപെടലിന്റെ ഭാഗമായി  14 ജില്ലകളിലും ഓഗസ്റ്റ് 25 വരെ വിപുലമായ രീതിയിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകളും,  കോഴിക്കോട് ബീച്ച്, എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ട്, തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്ക് എന്നിവിടങ്ങളിൽ മെഗാ ട്രേഡ് ഫെയറുകളും  സംഘടിപ്പിക്കുകയുണ്ടായി.  കോഴിക്കോട് ബീച്ചിലും, എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിലും തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലും  മറ്റ് സ്വകാര്യ - സർക്കാർ സെക്ടറുകളിലെ പ്രമുഖ സ്ഥാപനങ്ങളുടെ സ്റ്റാളുകൾ കൂടി ഉൾപ്പെടുത്തിയാണ് ഓണം മെഗാ ട്രേഡ്ഫെയർ സംഘടിപ്പിച്ചത്.  കൂടാതെ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒരു പ്രധാന സപ്ലൈകോ വില്പനശാലയോട് അനുബന്ധിച്ച് 2026 ഓഗസ്റ്റ് 21 മുതൽ 25 വരെ ഓണം ഫെയറുകൾ നടത്തിയിട്ടുണ്ട്.  പതിമൂന്നിനം സബ്സിഡി സാധനങ്ങൾക്ക് പുറമേ, മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും, വെജിറ്റബിൾ കൗണ്ടറുകളും, മിൽമ, ഹോർട്ടികോർപ്പ് തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെ കൗണ്ടറുകളും ഓണം ജില്ലാ ഫെയറുകളോട് അനുബന്ധിച്ച് ഒരുക്കിയിരുന്നു.  ഓണക്കാലത്തെ ആവശ്യം മുൻകൂട്ടികണ്ട് എല്ലാ അവശ്യ വസ്തുക്കളുടേയും പ്രത്യേകിച്ച് അരി, മുളക്, വെളിച്ചെണ്ണ, തുവര, ഉഴുന്ന്, കടല ഉൾപ്പെടെയുള്ളവയുടെ ലഭ്യത എല്ലാ ഓണം ഫെയറുകളിലും സപ്ലൈകോ വില്പനശാലകളിലും ഉറപ്പാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുള്ളതാണ്.  അരി, വെളിച്ചെണ്ണ, പഞ്ചസാര, വിവിധ ശബരി മസാലകൾ തുടങ്ങി 21 ഇനങ്ങൾ അടങ്ങിയ അത്തം ഓണസമ്മാന കിറ്റ് ആയിരം രൂപയ്ക്കും 25 ഇനങ്ങൾ അടങ്ങിയ ഉത്രാടം കിറ്റ് ആയിരത്തി അഞ്ഞൂറ് രൂപയ്ക്കും,  30 ഇനങ്ങൾ അടങ്ങിയ  പ്രീമിയം ഓണാഘോഷ കിറ്റായ തിരുവോണം കിറ്റ് രണ്ടായിരം രൂപയ്ക്കും  പുട്ടുപൊടി, സേമിയ, പായസക്കൂട്ട് ,മുളകുപൊടി,  മഞ്ഞപ്പൊടി തുടങ്ങി 9 പ്രീമിയം ശബരി ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ശബരി സിഗ്നേച്ചർ കിറ്റ് 299 രൂപയ്ക്കും സപ്ലൈകോ വില്പനശാലകളിൽ നിന്ന് പൊതു വിപണിവിലയേക്കാൾ വിലക്കുറവിൽ ഉപഭോക്താവിന് ലഭ്യമാക്കുകയുണ്ടായി.  കൂടാതെ, സപ്ലൈകോ വിൽപ്പനശാലകൾ വഴി എഴുപതോളം വിവിധ ബ്രാൻഡഡ് എഫ്.എം. സി.ജി. കമ്പനികളുടെ 350 ലധികം  ഉൽപ്പന്നങ്ങൾക്കും സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾക്കും പ്രത്യേക കോമ്പോ ഓഫറുകളും വിലക്കുറവും ഈ ഓണക്കാലത്ത് നൽകുകയുണ്ടായി. കൃത്യമായ ആസൂത്രണത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും  നടത്തിയ പ്രവർത്തനങ്ങൾ  ഓണക്കാലത്തെ വിലക്കയറ്റം പിടിച്ചുനിർത്താൻ  സഹായകരമായിട്ടുണ്ട്.

**(ബി)** റേഷൻ കടകളിലും മാവേലിസ്റ്റോറുകളിലും പ്രത്യേക ഓണച്ചന്തകളിലും ആവശ്യത്തിന് സാധനങ്ങൾ വിലകുറച്ച് നൽകുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതു വിപണിവിലയേക്കാൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ഈ ഓണക്കാലത്ത് സപ്ലൈകോ വിൽപ്പനശാലകൾ വഴി സാധനങ്ങൾ ലഭ്യമാക്കിയിരുന്നു. 21 ഇനങ്ങൾ

അടങ്ങിയതും പരമാവധി വില്പന വില 1280 രൂപയുള്ളതുമായ അത്തം ഓണസമ്മാന കിറ്റ് ആയിരം രൂപയ്ക്കും 25 ഇനങ്ങൾ അടങ്ങിയതും പരമാവധി വില്പന വില 1830 രൂപയുള്ളതുമായ ഉത്രാടം കിറ്റ് ആയിരത്തി അഞ്ഞൂറ് രൂപയ്ക്കും 30 ഇനങ്ങൾ അടങ്ങിയതും പരമാവധി വില്പന വില 2540 രൂപയുള്ളതുമായ പ്രീമിയം ഓണാഘോഷ കിറ്റായ തിരുവോണം കിറ്റ് 2000 രൂപയ്ക്കും പുട്ടുപൊടി, സേമിയ, പായസക്കൂട്ട് ,മുളകുപൊടി, മഞ്ഞപ്പൊടി തുടങ്ങി 9 പ്രീമിയം ശബരി ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയതും പരമാവധി വില്പന വില 374 രൂപയുള്ളതുമായ ശബരി സിഗ്നേച്ചർ കിറ്റ് 299 രൂപയ്ക്കുമാണ് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തിയത്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകൾ വഴി എഴുപതോളം വിവിധ ബ്രാൻഡഡ് എഫ് എം സി ജി കമ്പനികളുടെ 350 ലധികം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും വിലക്കുറവും നൽകിയിരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾക്കും പ്രത്യേക കോമ്പോ ഓഫറുകളും വിലക്കുറവും ഈ ഓണക്കാലത്ത് നൽകിയിരുന്നു.

**(സി)** കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും കർശനമായി തടഞ്ഞും ഗുണമേന്മ ഉറപ്പാക്കിയും മതിയായ അളവിൽ സബ്സിഡി സാധനങ്ങൾ ലഭ്യമാക്കിയും പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുമായി വകുപ്പിലെ താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടെ പൊതുവിപണിയിൽ നിരന്തര പരിശോധന നടത്തിവരുന്നു. ഉത്സവ സീസണുകൾക്ക് മുന്നോടിയായി വില വർദ്ധനവിന് സാധ്യതയുള്ള അവശ്യസാധനങ്ങളുടെ വില പ്രത്യേകം നിരീക്ഷിക്കുകയും പരിശോധനാ വേളയിൽ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, കൃത്രിമ വിലക്കയറ്റം, തുടങ്ങിയവ പരിശോധിക്കുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് കാണത്തക്കവിധം വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്നും അമിതവില ഈടാക്കുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും വിലവർദ്ധനവിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിന് സഹായിക്കുന്നതിനുമായി Centre for Price Research Kerala രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം പൊതുവിപണിയിലെ വിലനിലവാരം നിരീക്ഷിക്കുക, കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുക, അമിതവില ഈടാക്കുന്നത് നിയന്ത്രിക്കുക, ഗുണമേന്മ ഉറപ്പാക്കുക, റേഷൻ കടകളിലൂടെയും സപ്ലൈകോയുടെ വിവിധ ഔട്ട്ലെറ്റുകളിലൂടെയും നിയന്ത്രിത/സബ്സിഡി നിരക്കിൽ ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുക എന്നീ നടപടികളിലൂടെ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**